(സി) കയർ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിച്ച് താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു. പെൻഷൻ പദ്ധതികൾ, വിദ്യാഭ്യാസം, വിവാഹം, പ്രസവം, വൈദ്യം, അപകട മരണം, അസ്വാധീനം തുടങ്ങിയവയ്ക്ക് ധനസഹായം തൊഴിലാളികളുടെ മക്കൾക്ക് കമ്പ്യൂട്ടർ പരിശീലനം, സ്ക്കോളർഷിപ്പുകൾ, രാജീവ് ഗാന്ധി മെമ്മോറിയൽ വൃദ്ധസദനം, ശുചിത്വ ശുദ്ധജല പദ്ധതികൾ.

കൈത്തറി മേഖലയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. ബങ്കർ ബീമ യോജന എന്ന പേരിൽ പ്രത്യേക ഇൻഷ്വറൻസ് പദ്ധതി 2003-04 മുതൽ നടപ്പാക്കിവരുന്നു.
2. പ്രോവിഡന്റ് ഫണ്ട് മാതൃകയിൽ കോൺട്രിബ്യൂട്ടറി ത്രിഫ്റ്റ് ഫണ്ട്.
3. ഹെൽത്ത് പാക്കേജ് സ്കീം.
4. ഹൗസ് കം വർക്ക് ഷെഡ് സ്കീം.
5. കൈത്തറി തൊഴിലാളി ക്ഷേമനിധി.

കരകൗശല മേഖലയിൽ പെൻഷൻ പദ്ധതി, തൊഴിലാളികൾക്കുള്ള പരിശീലനം, ഹൗസ് കം വർക്ക് ഷെഡ്, ബാബാ സാഹേബ് അംബേദ്കർ ഹസ്ത ശിൽപ വികാസ് യോജന, അർബൻ ഹാത്ത് പദ്ധതി മുതലായവ നടപ്പിലാക്കി വരുന്നു. ഈറ്റ തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾകൂടി ലക്ഷ്യമാക്കി തൊഴിൽ വകുപ്പിന്റെ കീഴിൽ ക്ഷേമനിധി ബോർഡ് രൂപീകരിച്ച് വിവിധ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്കു വേണ്ടി പ്രോവിഡന്റ് ഫണ്ട്, ഇ.എസ്.ഐ., കശുവണ്ടി വ്യവസായ ക്ഷേമനിധി എന്നിവ നടപ്പാക്കിയിട്ടുണ്ട്.

ചെറുകിട വ്യവസായ യൂണിറ്റുകൾ

4 [3442] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് സ്ഥിരം രജിസ്ട്രേഷൻ നേടിയ ചെറുകിട വ്യവസായ യൂണിറ്റുകളുടെ എണ്ണം വർഷം തോറും കുറവ് വന്നുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2000-01, 2001-02, 2002-03, 2003-04, 2004-05 എന്നീ വർഷങ്ങളിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ചെറുകിട വ്യവസായ യൂണിറ്റുകളുടെ എണ്ണം, തൊഴിൽ ലഭ്യതയുടെ എണ്ണം, മുതൽമുടക്ക് എന്നിവ വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വ്യവസായ സംരംഭങ്ങൾ കുറയുന്നതിനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2000-01 മുതൽ 2004-05 വർഷങ്ങളിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ചെറുകിട വ്യവസായ യൂണിറ്റുകളുടെ എണ്ണം, തൊഴിൽ ലഭ്യത, മുതൽ മുടക്ക് എന്നിവയുടെ കണക്ക് ഇപ്രകാരമാണ്.

വർഷം	*രജിസ്റ്റർ ചെയ്ത യൂണിറ്റുകളുടെ എണ്ണം*	*തൊഴിൽ ലഭ്യതയുടെ എണ്ണം*	*മുതൽമുടക്ക് (കോടി രൂപയിൽ)*
2000-01	20073	74708	416.65
2001-02	18114	55587	255.81
2002-03	12334	42058	184.75
2003-04	5305	21890	120.21
2004-05	4292	18207	181.27

(സി) വ്യവസായ വകുപ്പിലെ രജിസ്ട്രേഷൻ നിർബന്ധമല്ലാത്തതിനാൽ ചെറുകിട വ്യവസായ മേഖലയിൽ തുടങ്ങുന്ന എല്ലാ യൂണിറ്റുകളും വ്യവസായ വകുപ്പിൽ രജിസ്റ്റർ ചെയ്യപ്പെടണമെന്നില്ല.

മുൻ വർഷങ്ങളെ അപേക്ഷിച്ച് മേൽത്തരവും ദീർഘകാല നിലനിൽപ്പുള്ളതുമായ യൂണിറ്റുകളാണ് പൊതുവെ ഇപ്പോൾ സ്ഥാപിച്ച് വരുന്നത്.

വിൽപ്പന നികുതി ഇളവ്, വനിതാ വ്യവസായ ഗ്രാന്റ് തുടങ്ങിയ പദ്ധതികൾ വ്യവസായ വകുപ്പിൽ നിന്ന് നിർത്തലാക്കിയതിനാലും വ്യവസായ സംരംഭങ്ങൾ കുറയുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly